# ആമുഖം

ഉദ്ദേശം **90** വർഷത്തിൽ പരം പഴക്കമുള്ള നാട്ടിൻപുറത്തെ ഒരു വിദ്യാഭ്യാസസ്ഥാപനമാണ് ഇന്ന നാം കാണുന്ന യു പി സ്കൂൾ കാതിക്കുടം **.**

നാട്ടുകാരുടെ പ്രാഥമികവിദ്യാഭ്യാസം ലക്ഷ്യം വച്ച് യാതൊരു പ്രതിഫലേച്ഛയുംകൂടാതെ സ്വന്തം സ്ഥലത്ത് പനമ്പിള്ളി കുഞ്ഞുകുട്ടിയമ്മ മകൻ രാമൻ മേനോനാണ് ഈ വിദ്യാലയത്തിന്റെ സ്ഥാപകൻ**.** അതിനുവേണ്ടി പ്രചോദനംനല്കിയ ഒരു പ്രധാന വ്യക്തിയാണ് അദ്ദേഹത്തിന്റെ കുഞ്ഞച്ചനായ **(**അമ്മയുടെ അനുജത്തിയുടെ ഭർത്താവ് **)** കുമ്മരപ്പിള്ളി കൃഷ്ണമേനോൻ**.**

നാലുവശവും ചുമരുകളില്ലാതെ അരമതിൽ മാത്രമുള്ള വയ്ക്കോൽ മേഞ്ഞ ഷെഡ്ഡുമാത്രമായിരുന്ന തുടക്കത്തിൽ**.** വെർണകുലർ പ്രൈമറി സ്കൂൾ എന്നപേരോടെ മൂന്ന ക്ലാസുകൾ മാത്രമായാണ് ഈസ്ഥാപനം തുടങ്ങിയത് **.** ആദ്യത്തെ മൂന്ന അധ്യാപകരായിരുന്ന പി**.** രാമൻ മേനോൻ**,** എ എൻ ഗോപാലമേനോൻ **(**അരീക്കര മാഷ് **),** കെ എൻ ഗോപാലമേനോൻ എന്നിവർ**.** പാർട്ടൈം സ്പെഷ്യലിസ്റ് അധ്യാപകരായി ആഴ്ചയിൽ രണ്ടുദിവസം വീതം അമ്മാളുവമ്മ എന്ന തുന്നൽ ടീച്ചറും കൃഷ്ണപിള്ള എന്ന ഡ്രോയിങ് അധ്യാപകനും സേവനം അനുഷ്ഠിച്ചിരുന്നു**.** അതിനുശേഷം പുഴങ്കര തങ്കമ്മ എന്ന അദ്ധ്യാപിക വന്നശേഷം നാലുക്ലാസ്സുകളുള്ള വിദ്യാലയമായി**.** ആസമയത്താണ് കെട്ടുറപ്പുള്ള നാല്ക്ലാസ്സ്മുറികളോടെയുള്ള കെട്ടിടം നിലവിൽ വന്നത്**. 1955** ഇൽ ആണ് മലയാളം അഞ്ചാംക്ലാസ് തുടങ്ങിയത് **.** അക്കാലത്തു നിലവിലുണ്ടായിരുന്ന നാലര ക്ലാസ് നിറുത്തി മലയാളം അഞ്ചും ഇംഗ്ലീഷ് അഞ്ചും ക്ലാസുകൾ തുടങ്ങിയത് **.**

തുടക്കത്തിൽ അങ്കമാലി വിദ്യഭ്യാസ ഓഫീസറുടെ കീഴിലായിരുന്ന ഈ വിദ്യാലയം പിന്നീട് മാള ഉപജില്ലാ വിദ്യഭ്യാസ ഓഫീസറുടെ കീഴിലായി **.** ഇപ്പോഴും മാള ഉപജില്ലാ വിദ്യഭ്യാസ ഓഫീസറുടെ കീഴിൽ പ്രവർത്തിക്കുന്നു**. DEO** ഇരിഞ്ഞാലക്കട**, DD** തൃശ്ശൂർ **.**

പിന്നീട് **1976** ഇൽ ബഹുമാനപ്പെട്ട പി പി ജോർജ് ചാലക്കുടി **MLA** യും ബാഹുമാനപ്പെട്ട കെ**.** കരുണാകരൻ കേരള ആഭ്യന്തര മന്ത്രിയും ആയിരുന്ന കാലത്താണ് ഈ **LP** സ്കൂളിനെ **UP** സ്കൂൾ ആയി ഉയർത്തിയത്**.** ഈരണ്ടു ഡിവിഷനുകളോടുകൂടി **14** ക്ലാസുകൾ പ്രവർത്തിച്ചിരുന്ന അന്ന് പ്രധാന അധ്യാപകനായിരുന്നത് പി കൃഷ്ണൻകുട്ടി മേനോൻ ആയിരുന്നു**.** സംസ്കൃതം**,** ഹിന്ദി എന്നിവയ്ക്ക് പ്രത്യേകം അധ്യാപകരും ഉണ്ടായിരുന്നു **.**

ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങൾ വർദ്ധിച്ചതും പുതിയ തലമുറയ്ക്ക് ഇംഗ്ലീഷ് മീഡിയത്തിനോടുള്ള അഗാധ താല്പര്യവും കാരണം മലയാളം സ്കൂളുകളിൽ പഠിക്കാൻ കുട്ടികളുടെ എണ്ണം കുറയുകയും **uneconomic** സ്കൂൾ എന്ന വിഭാഗത്തിൽ പെടുത്തുകയും ചെയ്തു **.**ഇതിൽ നേരിയ പുരോഗതി കണ്ടുവരുന്നുണ്ട്**. 2022- 23** അധ്യയന വർഷത്തിൽ **111** കുട്ടികളുമായി വിദ്യാലയം വീണ്ടും എക്കണോമിക് ആയി **.**

ഈ സ്ഥാപനം കൂടുതൽ കൂടുതൽ ഉയരങ്ങളിലേക്ക് മുന്നേറട്ടെ**.........**

# ലക്ഷ്യങ്ങൾ

## അക്കാദമികം

- ഓരോ ക്ലാസിലെയും ഓരോ വിഷയവുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായ എന്ന് ഉറപ്പുവരുത്തുക
- ഓരോ കുട്ടിയിലും ഉള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാൻ ആവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക
- ഓരോ ക്ലാസിലും പഠന പിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്ക് ആവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക
- ലഘു പഠന യാത്രകൾ പഠന ക്യാമ്പുകൾ ശില്പശാലകൾ വിദഗ്ധരുടെ ക്ലാസുകൾ സെമിനാറുകൾ പ്രൊജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന തന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക**.**

- ഐസിടി അധിഷ്ഠിത പഠനത്തിന് ആവശ്യമായ അക്കാദമിക തയ്യാറെടുപ്പുകൾ ഉറപ്പുവരുത്തുക

## സാമൂഹികം

- ലഹരിവസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക അതിന്റെ ദൂഷ്യഫലങ്ങളെ കുറിച്ച് അവരെ ബോധവാന്മാരാക്കുക
- പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക
- പുതിയ തലമുറയിൽ കൃഷിയോടുള്ള താല്പര്യം വളർത്തിയെടുക്കുക
- കുട്ടികൾക്കായി ഗൈഡൻസ് കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കുക
- സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങൾ ഏർപ്പെടുക
- പ്രാദേശികമായി ലഭ്യമായ വിഭവങ്ങളെ പഠനപ്രവർത്തനമായി ബന്ധപ്പെടുക

## ഭൗതികം

- മുഴുവൻ ക്ലാസുകളിലും ഐസിടി സാധ്യത ഉറപ്പുവരുത്തുക
- മുഴുവൻ കുട്ടികൾക്കും ശാസ്ത്ര പഠനത്തിലെ എല്ലാ ഭൂമികളും സ്വയത്തമാക്കാൻ ഉതകും വിധം ലാബുകൾ സജ്ജമാക്കുക
- മാലിന്യ സംസ്കരണത്തിന് സാധ്യമായ വിവിധ മാർഗങ്ങൾ വിദ്യാലയത്തിൽ നടപ്പിലാക്കുക
- കുട്ടികളിൽ വായന ശീലം പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക
- **2൦30** മുപ്പതിനുള്ളിൽ ഒരു പുതിയ സ്കൂൾ കെട്ടിടം എന്ന സ്വപ്നം സാധ്യമാക്കുക

| ക്ലബ്ബ്, മറ്റു പ്രവർത്തനങ്ങൾ | ചുമതലയുള്ള അധ്യാപകരുടെ പേര് |
|---|---|
| ഗണിത ക്ലബ്ബ്,ഗണിത മേള | കവിത ടീച്ചർ, ദീപ ടീച്ചർ |
| സയൻസ് ക്ലബ്,ശാസ്ത്ര മേള | നിഷടീച്ചർ,  ജിഷ ടീച്ചർ |
| സോഷ്യൽ സയൻസ് ക്ലബ്ബ്, സാമൂഹ്യ ശാസ്ത്ര മേള ,ഗാന്ധിദർശൻ | ദീപ ടീച്ചർ, മഞ്ജുഷ ടീച്ചർ |
| പരിസ്ഥിതി ,കൃഷി ക്ലബ്ബ് | മഞ്ജുഷ ടീച്ചർ,  നിഷടീച്ചർ |
| ആരോഗ്യ കായികം | അർച്ചന ടീച്ചർ, കൃഷ്ണ ടീച്ചർ |
| പ്രവർത്തി പരിചയം | കൃഷ്ണ ടീച്ചർ ,മഞ്ജുഷ ടീച്ചർ |
| ഐടി ക്ലബ്ബ് | മഞ്ജുഷ ടീച്ചർ, കവിത ടീച്ചർ |
| വിദ്യാരംഗം കലാസാഹിത്യവേദി, കലാമേള | ജിഷ ടീച്ചർ നിഷ ടീച്ചർ |
| ഉച്ച ഭക്ഷണം | കവിത ടീച്ചർ, ദീപ ടീച്ചർ |
| വാഹനം | ദീപ ടീച്ചർ |
| അസംബ്ലി | മഞ്ജുഷ ടീച്ചർ |
| ലൈബ്രറി | ജിഷ ടീച്ചർ |
| വിജ്ഞാനോത്സവം | കൃഷ്ണ ടീച്ചർ, അർച്ചന ടീച്ചർ |
| യൂണിഫോം | കവിത ടീച്ചർ |
| ബുക്ക് | ദീപ ടീച്ചർ |
| **SRG** കൺവീനർ | ദീപ ടീച്ചർ |

അക്കാദമി മാസ്റ്റർ പ്ലാൻ മലയാളം

| പ്രശ്നങ്ങൾ | പരിഹാരമാർഗങ്ങൾ | കാലയളവ് |
|---|---|---|
| ഭാഷാപരമായ ശേഷി രാഹിത്യം | ജൂൺ ആദ്യഭാരം കുട്ടികളുടെ അടിസ്ഥാന ശേഷി പരിശോധന ക്ലാസ് തരത്തിൽ പൂർത്തിയാക്കുന്നു. എല്ലാ ദിവസവും ഒഴിവുസമയം കണ്ടെത്തി കൈത്താങ്ങ് പഠന ക്ലാസുകൾ നടത്തുന്നു | ജൂൺ മുതൽ മാർച്ച് വരെ |
| സാഹിത്യകാരന്മാരെയും അവരുടെ പ്രശസ്ത രചനകളെയും തിരിച്ചറിയുന്നില്ല | മലയാളവുമായി ബന്ധപ്പെട്ട സ്കൂൾ പഠനം ആകർഷണീയമാക്കൽ . സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ ഉൾപ്പെടുത്തി ക്ലാസ്സുമുറികൾ ചാർട്ട് ഉപയോഗിച്ച് ആകർഷണീയമാക്കുന്നു . ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു | . ജൂൺ മുതൽ മാർച്ച് വരെ |
| ഭാഷയുമായി ബന്ധപ്പെട്ട ഉയർന്ന സാഹിത്യശേഷികൾ കൈവരിക്കൽ | കുട്ടികൾ അവർ തയ്യാറാക്കിയ സൃഷ്ടികൾ സ്കൂളിൽ പ്രത്യേകം പ്രദർശിപ്പിക്കുന്നു പതിപ്പ് തയ്യാറാക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ |
| ഭാഷാപരമായ അടിസ്ഥാന ശേഷികൾ കൈവരിക്കും | ക്ലാസ് തല വായനാ മൂല സജ്ജീകരിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ |
| ഉയർന്ന സാഹിത്യ അഭിരുചി വളർത്താനുള്ള സാഹചര്യം ഇല്ലാത്തത് | സ്കൂൾ സാഹിത്യ ക്യാമ്പ് .<br>ഓരോ മാസത്തിലും മികച്ച ആസ്വാദനക്കുറിപ്പ് തയ്യാറാക്കി കണ്ടെത്തി പ്രോത്സാഹിപ്പിക്കൽ | ജൂൺ മുതൽ മാർച്ച് വരെ |
| കുട്ടികളിലെ വായനാശീലം കുറയുന്നതായി അനുഭവപ്പെടുന്നു | • ലൈബ്രറി കാര്യക്ഷമമായി ഉപയോഗിക്കാം.<br>• നിർബന്ധിത വായനാക്കുറിപ്പ് തയ്യാറാക്കൽ<br>• അസംബ്ലിയിൽ അവതരണം | ജൂൺ മുതൽ മാർച്ച് വരെ |

അക്കാദമി മാസ്റ്റർ പ്ലാൻ :ഗണിതം

| പ്രശ്നം / ലക്ഷ്യം | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ഗണിത പഠനം ലളിതവും രസകരവും ആക്കുക | ഐസിടി അധിഷ്ഠിത പഠന തന്ത്രങ്ങൾ രൂപീകരിക്കൽ | ജൂൺ മുതൽ മാർച്ച് വരെ |

| | | |
|---|---|---|
| | ഗണിത ഗാനം<br>കണക്കിലെ കളികൾ<br>പസിൽ<br>ജ്യാമിതീയ ‌ രൂപ നിർമ്മാണം<br>ഗണിതശാസ്ത്രജ്ഞന്മാർ അവരുടെ സംഭാവനകൾ<br>-ദിനാചരണങ്ങൾ<br>ഗണിത മേള<br>ഗണിത ക്വിസ് | |
| സംഖ്യാ പാറ്റേണുകൾ എളുപ്പത്തിൽ ചെയ്യുന്നു | ചിത്ര പാറ്റേണുകൾ<br>സംഖ്യ പാറ്റേണുകൾ<br>സംഖ്യ മാല സംഖ്യാചാർട്ടുകൾ വർക്ക് ഷീറ്റ്<br>എന്നിവ പഠന പ്രവർത്തനങ്ങൾ<br>പ്രയോജനപ്പെടുത്തുന്നു<br>സംഖ്യ പാറ്റേണുകൾ വരുന്ന വിവിധ കളികൾ<br>കളികൾ ക്ലാസ് മുറിയിൽ സംഘടിപ്പിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ |
| ഗുണനപ്പട്ടിക ഉപയോഗം തിരിച്ചറിയുന്നു | സങ്കലന പട്ടിക ഗുണന പട്ടിക പ്രദർശനം<br>നേപ്പിയർ സ്സ്ട്രിപ്പ് പ രിചയപ്പെടുത്തൽ | ജൂൺ മുതൽ മാർച്ച് വരെ |
| ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു | ചിത്ര കാർഡുകൾ സംഖ്യ വ്യാഖ്യാന<br>കാർഡുകൾ ഗെയിം ബോർഡുകൾ ഡൈസുകൾ<br>തുടങ്ങിയ ഉപയോഗിച്ചുള്ള പ്രവർത്തനം<br>ഉല്ലാസ് ഗണിതം ഗണിത വിജയം എന്നീ<br>പദ്ധതികൾ ക്ലാസ് റൂമിൽ തുടരുന്നു<br>തീരെ പിന്നോക്കം നിൽക്കുന്ന കുട്ടികളെ<br>അധികസമയം കണ്ടെത്തി ചതുഷ്ക്രിയകൾ<br>ഉറപ്പിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ |
| സംഖ്യാബോധം സ്ഥാനവില<br>സംഖ്യാ വ്യാഖ്യാനം | സ്ഥാന വില പോക്കറ്റ് അബാക്കസ് അരവിന്ദ് ഗുപ്ത<br>സ്ലിപ്പ് ഇവ ഉപയോഗിച്ച് സംഖ്യാ വ്യായന<br>നടത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ |

അക്കാദമിക മാസ്റ്റർ പ്ലാൻ സാമൂഹ്യ ശാസ്ത്രം

| പ്രശ്നങ്ങൾ | പരിഹാരമാർഗ്ഗങ്ങൾ | കാലയളവ് |
|---|---|---|
| പാഠഭാഗം ലളിതവും ആകർഷവും ആകുന്നില്ല | ഐസിടി അധിഷ്ഠിത ടി എം വികസിപ്പിക്കൽ<br>**worksheet** പരമാവധി<br>ഉപയോഗപ്പെടുത്തൽ | ജൂൺ മുതൽ മാർച്ച് വരെ |
| പാഠഭാഗവുമായി ബന്ധപ്പെട്ട ചരിത്ര<br>സംഭവങ്ങൾ സ്മാരകങ്ങൾ സ്ഥലങ്ങൾ ഇവയെ<br>കുറിച്ച ധാരണ കുറവ് | ഐസിടി സഹായത്തോടെ നേരനുഭവം<br>നൽകൽ<br>സാമൂഹ്യ ശാസ്ത്ര കോർണർ ഒരുക്കൽ<br>പഠനയാത്ര | ജൂൺ മുതൽ മാർച്ച് വരെ |

| | | |
|---|---|---|
| ചരിത്ര പ്രാധാന്യമുള്ള ദിനങ്ങളെക്കുറിച്ചും ആഘോഷങ്ങളെക്കുറിച്ചുള്ള ധാരണക്കുറവ് | ദിനാചരണം സംഘടിപ്പിക്കുന്നു<br>അഭിമുഖം സംഘടിപ്പിക്കുന്നു<br>വിവിധ ആഘോഷങ്ങൾ ജനകീയമായി സംഘടിപ്പിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ |
| പ്രാദേശിക ചരിത്രത്തെ കുറിച്ച് ധാരണയില്ലായ്മ | പ്രാദേശിക ഭൂപടം തയ്യാറാക്കൽ<br>പ്രാദേശിക ചരിത്രം വായിച്ച മനസ്സിലാക്കൽ<br>മുതിർന്ന പൗരന്മാരുമായി അഭിമുഖം<br>ചരിത്രപ്രധാനമുള്ള പ്രാദേശിക സ്ഥലങ്ങളിലേക്ക് പഠനയാത്ര | ജൂൺ മുതൽ ഡിസംബർ വരെ |

അക്കാദമി മാസ്റ്റർ പ്ലാൻ **ENGLISH**

| **Problem** | **remedy activities** | **duration** |
|---|---|---|
| **defective pronunciation** | • **Audio video clipping on correct pronunciation**<br>• **ICT facilities E cube**<br>• **Readers theatre** | **June to March** |
| **Lack of communication skill** | • **Dramatization of stories**<br>• **English assembly**<br>• **English Fest** | **June to March** |
| **Addressing slow pace learners** | • **TM and TLM ressing low pace learners**<br>• **Special coaching classes** | **June to March** |
| **Support to Gifted children** | • **Introducing English library**<br>• **Book review**<br>• **Publication of magazine**<br>• **Day celebrations** | **June to March** |
| **Insufficient vocabulary** | • **Word games** | **June to March** |

| | | |
|---|---|---|
| | • **Dictation**<br>• **Dictionary making**<br>• **English Library** | |
| **Defective sentence pattern** | • **Making sentence card cards**<br>• **Role plays** | **June to March** |
| **Eligible handwriting** | • **Peer group learning**<br>• **4line writing** | |

അക്കാദമിക് മാസ്റ്റർ പ്ലാൻ സയൻസ്

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| അഞ്ചു ആറ് ഏഴ് ക്ലാസുകളിൽ പാഠ്യപദ്ധതിയിൽ പറഞ്ഞിരിക്കുന്ന മുഴുവൻ പഠന നേട്ടങ്ങളും കുട്ടികളെ അർഹരാക്കുക | **5 6 7** ക്ലാസുകളുടെ മുഴുവൻ പാഠഭാഗങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് വർക്ക് ഷീ റ്റുകൾ തയ്യാറാക്കുന്നു<br>നിരന്തരം മൂല്യനിർണയത്തിന് ആവശ്യമായ ടൂളുകൾ യൂണിറ്റ് ടെസ്റ്റുകൾ നടത്തുന്നു<br>ക്ലാസ്സ് ലാബ് തയ്യാറാക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ |
| ശാസ്ത്രത്തിൻറെ പ്രക്രിയ ശേഷികളിൽ മുഴുവൻ കുട്ടികളെയും നിശ്ചിത നിലവാരത്തിൽ എത്തിക്കുക | എല്ലാ ക്ലാസ്സുകളിലും സയൻസ് ലാബ് ഓർ ശാസ്ത്ര കോർണർ<br>എല്ലാവർക്കും ശാസ്ത്ര പരീക്ഷണങ്ങളിൽ ഏർപ്പെടാൻ അവസരം | ജൂൺ മുതൽ മാർച്ച് വരെ |
| ശാസ്ത്ര സർഗാത്മകതയക്കുള്ള അവസരങ്ങൾ കുറവ് | സ്കൂൾ ശാസ്ത്ര ലൈബ്രറി<br>പരീക്ഷണങ്ങൾ<br>സയൻസ് ക്ലബ് പ്രവർത്തനങ്ങൾ | ജൂൺ-മാർച്ച് |
| ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിലെ കുറവ് പരിഹരിക്കുക | ഐസിടി വിഭവങ്ങൾ തയ്യാറാക്കൽ<br>ഡിജിറ്റൽ ക്ലാസുകൾ | ജൂൺ-മാർച്ച് |
| കുട്ടികളുടെ ശാസ്ത്രീയ മനോഭാവം കുറയുന്നു | ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു | ജൂൺ -മാർച്ച് |

അക്കാദമിക മാസ്റ്റർ പ്ലാൻ ആരോഗ്യ കായിക വിദ്യാഭ്യാസം

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| കുട്ടികൾക്ക് താല്പര്യമുള്ള കായിക ഇനങ്ങൾ തെരഞ്ഞെടുക്കാൻ അവസരം ലഭിക്കുന്നില്ല | കായിക പ്രതിഭാ പദ്ധതി താല്പര്യമുള്ള ഇനങ്ങളിൽ വിദഗ്ധ പരിശീലനം | ജൂൺ -മാർച്ച് |
| ആരോഗ്യ കായിക വിദ്യാഭ്യാസത്തിൻറെ പ്രാധാന്യത്തെ കുറിച്ച രക്ഷിതാക്കൾക്ക് അവബോധം ഇല്ലായ്മ | ബോധവൽക്കരണ ക്ലാസുകൾ<br>കായിക മത്സരങ്ങൾ | ജൂൺ -മാർച്ച് |
| കുട്ടികളുടെ ആരോഗ്യസ്ഥിതി അടുത്തറിയാൻ അവസരമില്ല | വൈദ്യ പരിശോധന<br>ആരോഗ്യ ക്ലാസുകൾ<br>സീസണൽ രോഗങ്ങളെ കുറിച്ച് ബോധവൽക്കരണം | ജൂൺ -മാർച്ച് |
| ശരിയായ ഭക്ഷണശീലത്തെ കുറിച്ച് അറിവില്ലായ്മ | ആരോഗ്യ ക്ലാസുകൾ അടുക്കളത്തോട്ടം | ജൂൺ-മാർച്ച് |
| പ്രഥമ ശുശ്രൂഷയെ കുറിച്ച് ഉള്ള ധാരണക്കുറവ് | വിദഗ്ധരുടെ ക്ലാസുകൾ<br>പ്രഥമ ശുശ്രൂഷ കിറ്റ് സൗകര്യം ലഭ്യമാക്കൽ | ജൂൺ-മാർച്ച് |